"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പുനർവിന്യാസം - കാർഷിക വികസന കർഷകക്ഷേമ വകുപ്പിലെ ക്ലർക്ക് ശ്രീ. സുരേഷ് കുമാർ.ബി യ്ക്ക് പുനർവിന്യാസ സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവാകുന്നു

---

**തദ്ദേശ സ്വയംഭരണ (ഇആർഎ) വകുപ്പ്**

സ.ഉ.(സാധാ) നം.288/2025/LSGD തീയതി,തിരുവനന്തപുരം, 30-01-2025

---

പരാമർശം :-

1. 11.05.2009 ലെ സ.ഉ.(കൈ) നം.77/2009/തസ്വഭവ നമ്പർ ഉത്തരവ്.
2. 07.06.2024 ലെ LSGD-ERA 1/7/2024-LSGD-Part(1) നമ്പർ കത്ത്.
3. ശ്രീ. സുരേഷ് കുമാർ.ബി യുടെ 30.12.2024 ലെ അപേക്ഷ.
4. പ്രിൻസിപ്പൽ ഡയറക്ടറുടെ 17.01.2025 ലെ LSGD/PD/1671/2025-DEH 4 നമ്പർ കത്ത്.

**ഉത്തരവ്**

കാർഷിക വികസന കർഷകക്ഷേമ വകുപ്പിലെ ക്ലർക്കായ ശ്രീ. സുരേഷ് കുമാർ.ബി യെ പരാമർശം (1) പ്രകാരം പുനർവിന്യാസ വ്യവസ്ഥയിൽ വെള്ളനാട് ഗ്രാമപഞ്ചായത്തിൽ നിയമിച്ചിരുന്നു. നിലവിൽ പുനർവിന്യാസ വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്ന ജീവനക്കാരിൽ 31.05.2024 തീയതിയിൽ നിലവിലെ ഓഫീസിൽ 3 വർഷം പൂർത്തിയാക്കിയവരെ അവരിപ്പോൾ ജോലി ചെയ്യുന്ന ഓഫീസിനോട് അടുത്തുള്ളതോ അവർ ഓപ്റ്റ് ചെയ്തിട്ടുള്ളതോ ആയ എന്നാൽ അധിക ജോലിഭാരമുള്ള ഗ്രാമപഞ്ചായത്തുകളിലേയ്ക്ക് സ്ഥലംമാറ്റി നിയമിക്കുന്നതിനായി 3 വർഷം പൂർത്തിയാക്കിയ ക്ലർക്കുമാരിൽ നിന്നും ഓപ്ഷനുകൾ ലഭ്യമാക്കുവാൻ പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിരുന്നു. അതിൻപ്രകാരം ശ്രീ. സുരേഷ് കുമാർ.ബി സമർപ്പിച്ച പുനർവിന്യാസ സ്ഥലംമാറ്റ അപേക്ഷ തുടർനടപടികൾക്കായി പരാമർശം (4) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കാർഷിക വികസന കർഷകക്ഷേമ വകുപ്പിൽ നിന്നും പുനർവിന്യാസ വ്യവസ്ഥയിൽ വെള്ളനാട് ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്തുവരുന്ന ക്ലർക്ക് ശ്രീ. സുരേഷ് കുമാർ.ബി യ്ക്ക് ടിയാന്റെ ഓപ്ഷൻ പരിഗണിച്ച് ആനാട് ഗ്രാമപഞ്ചായത്തിലേക്ക് നിലവിലെ വ്യവസ്ഥകൾക്കു വിധേയമായി പുനർവിന്യാസ സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

BALUMAHENDRA B

ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജി.ഡി., തിരുവനന്തപുരം.

ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, തിരുവനന്തപുരം.

ശ്രീ. സുരേഷ് കുമാർ.ബി, വെള്ളനാട് ഗ്രാമപഞ്ചായത്ത് (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
സെക്രട്ടറി, വെള്ളനാട് ഗ്രാമപഞ്ചായത്ത്.
സെക്രട്ടറി, ആനാട് ഗ്രാമപഞ്ചായത്ത്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള , തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള , തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) ഡിപ്പാർട്ട്മെന്റ് (ഗവ. വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Suja. M
Date: 30-01-2025 15:35:55

സെക്ഷൻ ഓഫീസർ